Answer

(a) 10 vehicles are doing 12 single trips in the Calicut-Mangalore route at present.

(b) 8 buses of the K.S.R.T.C. are doing 10 single trips and 2 buses of the Private owners are doing 2 single trips.

(c) Sri G. Abdulla, Patla Motor Service, M. C. road, Kasargod and Sri K. Jayarama, Korakod, Kasargod are the two Private bus owners now operating in that route.

(d) Permits for 5 single trips were granted in recent months.

(e) The K.S.R.T.C. had applied for 3 permits (3 single trips) and 3 permits were sanctioned in favour of the K.S.R.T.C.

(f) Sri G. Abdulla, Kasargod and Sri K. Jayarama, Kasargod are the Private owners who have been given these permits.

(g) The applications for the permits were not received from the K.S.R.T.C. to the State Transport Authority, Kerala when it considered the 6 applications from the Private Owners at its meeting held on 2-3-1985.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ചരമോപചാരം

ശ്രീ. പി. എം. ജോസഫ്, ശ്രീ. മാറാപ്പള്ളിമജീദ്, ശ്രീ. ജെ. ഡി. മൊറൈസ്, ശ്രീമതി ത്രേസ്യാമ്മ കോര എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ. കേരള നിയമ സഭയിൽ അംഗങ്ങളായിരുന്ന ശ്രീ. പി. എം. ജോസഫ്, ശ്രീ. മാറാപ്പള്ളി മജീദ്, [9.30 A.M.] തിരുകൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. ജെ. ഡി. മൊറൈസ്, ശ്രീചിത്ര സ്റ്റേറ്റ് കൗൺസിലിൽ അംഗമായിരുന്ന ശ്രീമതി ത്രേസ്യാമ്മകോര എന്നിവർ അന്തരിച്ചവിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ അരനൂറ്റാണ്ടു കാലത്തെ ഉജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ച ഒരു മഹത്വ്യക്തി ആയിരുന്നു ശ്രീ. പി. എം. ജോസഫ്. സ്വാതന്ത്ര്യ സമരത്തിലൂടെ പൊതുപ്രവർത്തനരംഗത്ത് പ്രവേശിച്ച അദ്ദേഹം അതിനോടനുബന്ധിച്ച് അനസ്തേഷ്യ അവതരിപ്പിക്കുകയും ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. കോൺഗ്രസിന്റെ സജീവപ്രവർത്തകനായിരുന്ന ശ്രീ. ജോസഫ് കോട്ടയം ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിറ്റിഅംഗവും വിജയപുരം കോൺഗ്രസ് മണ്ഡലത്തിന്റെ പ്രസിഡന്റുമായിരുന്നു. പിൽക്കാലത്ത് അഭിഭാഷകവൃത്തി സ്വീകരിച്ച അദ്ദേഹം സാമൂഹ്യ പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ ഏറെക്കാലം ഊർജ്ജസ്വലമായി പ്രവർത്തിച്ചിരുന്നു. തൊഴിലാളി പ്രവർത്തനരംഗത്തും അദ്ദേഹം മികച്ചസേവനം കാഴ്ചവച്ചു. അകലകുന്നം വില്ലേജ് കോ-ഓപ്പറേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിന്റെ ഡയറക്ടറായും ശ്രീ. ജോസഫ് പ്രവർത്തിച്ചിട്ടുണ്ട്. നല്ലൊരു നിയമസഭാസാമാജികനായിരുന്ന അദ്ദേഹം മീനച്ചൽ നിയോജകമണ്ഡലത്തിൽനിന്നുമാണ് കേരളനിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

1946-50 കാലഘട്ടത്തിൽ വിദ്യാർത്ഥി കോൺഗ്രസിന്റെ പ്രവർത്തകനായി ശ്രീ. മറ്റപ്പള്ളി മജീദ് തന്റെ പൊതുജീവിതമാരംഭിച്ചു. രാഷ്ട്രീയപ്രവർത്തനങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ കിളിമാനൂർ ഹൈസ്കൂളിൽനിന്നും ഒരിക്കൽ അദ്ദേഹം പുറത്താക്കപ്പെടുകയുണ്ടായി. 1950-51 വർഷങ്ങളിൽ തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജ് യൂണിയന്റെ സെക്രട്ടറി ആയിരുന്നു അദ്ദേഹം. ആദ്യം ഇന്ത്യൻനാഷണൽ കോൺഗ്രസ് അംഗമായിരുന്ന ശ്രീ. മജീദ് പിന്നീട് പി. എസ്. പി. യിൽ ചേർന്നു. പാർട്ടിയുടെ ജില്ലാകമ്മിറ്റി സെക്രട്ടറി എന്ന ഔദ്യോഗിക സ്ഥാനം അദ്ദേഹം വഹിച്ചിട്ടുണ്ട്. തുടർന്ന് സംയുക്ത സോഷ്യലിസ്റ്റുപാർട്ടിയുടെ സജീവപ്രവർത്തകനായിതീർന്ന അദ്ദേഹം ആര്യനാട് നിയോജകമണ്ഡലത്തിൽ നിന്നുമാണ് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. കിസാൻ പഞ്ചായത്തിന്റെ ജില്ലാപ്രസിഡന്റായും പെരിങ്ങമ്മല ഇക്ബാൽ കോളേജ് ട്രസ്റ്റിന്റെ സെക്രട്ടറിയായും ശ്രീ. മജീദ് സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയിലും ബിസിനസ് അഡൈസറി കമ്മിറ്റിയിലും അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്.

ശ്രീ. ജെ. റ്റി. മൊറൈസ് 1944-47 കാലഘട്ടത്തിൽ ശ്രീമൂലം അസംബ്ലിയിലും 1952-53 കാലഘട്ടത്തിൽ തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്നു. ഉത്തരവാദഭരണ പ്രക്ഷോഭണത്തിന്റെ ഭാഗമായ ചരിത്രപ്രസിദ്ധമായ നിവർത്തനപ്രക്ഷോഭണത്തിൽ അദ്ദേഹം പങ്കെടുക്കുകയുണ്ടായി. ഒരു സജീവ കോൺഗ്രസ് പ്രവർത്തകനായിരുന്ന ശ്രീ. മൊറൈസ്, കെ. പി. സി. സി. അംഗം, തിരുവനന്തപുരം ജില്ലാകോൺഗ്രസ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എന്നീ സ്ഥാനങ്ങളും അലങ്കരിച്ചിരുന്നു. പ്രശസ്തനായ ഒരു അഭിഭാഷകൻ എന്നനിലയിലും, നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിൽ അംഗം, ലത്തീൻകത്തോലിക്കാ മഹാജനസഭ പ്രസിഡന്റ് പഞ്ചായത്തുപ്രസിഡന്റ് എന്നിനിലകളിലും ശ്രീ. മൊറൈസ് മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ശ്രീചിത്രാസ് റേറ്റ് കൗൺസിലിൽ അംഗമായിരുന്ന ശ്രീമതി ത്രേസ്യാമ്മകോര കേരളരാഷ്ട്രീയത്തിലെ ആദികാലവനിതാ പ്രവർത്തകരിൽ ഒരാളായിരുന്നു. ശ്രീ. സി. പി. രാമസ്വാമിഅയ്യരുടെ ഭരണകാലത്ത് വിദ്യാഭ്യാസനയത്തിനെതിരായുള്ള സമരത്തിൽ ശ്രീമതി കോര പങ്കെടുത്തിട്ടുണ്ട്. തിരുവിതാംകൂറിന്റെയും തിരു—കൊച്ചിയുടെയും രാഷ്ട്രീയ-ഭരണരംഗങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. കെ. എം. കോരയുടെ സഹധർമ്മിണിയായ ശ്രീമതി ത്രേസ്യാമ്മകോര ഭർത്താവിനോടൊപ്പം സാമൂഹികരാഷ്ട്രീയ രംഗത്ത് ദീർഘകാലം പ്രവർത്തിച്ചിരുന്നു. ശ്രീമതികോര 1941-44 കാലയളവിലാണ് ശ്രീചിത്രാസ് റേറ്റ് കൗൺസിലിൽ അംഗമായിരുന്നത്.

പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(ബഹുമാനപ്പെട്ട അംഗങ്ങൾ ഏതാനുംനിമിഷം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly